ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.08.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). **വയനാട് ഉരുൾപൊട്ടൽ ബാധിതമേഖലയിൽ സൈന്യത്തിന്റെ നേതൃത്വത്തിൽ തിരച്ചിൽ പുരോഗമിക്കുന്നു. രക്ഷാദൗത്യത്തിന് പ്രത്യാശ പകർന്ന് പടവെട്ടിക്കുന്നിൽ നിന്ന് നാല് പേരെ കൂടി സൈന്യം ഇന്ന് രക്ഷപ്പെടുത്തി.**

**Search operations under the leadership of the Army and other forces progressing in Wayanad landslide area. Four people found alive today in the affected area.**

2) **ദുരന്തമേഖലയെ ആറ് സോണുകളാക്കി തിരിച്ചാണ് തിരച്ചിൽ നടക്കുന്നത്. ചാലിയാറിലും തിരച്ചിൽ പുരോഗമിക്കുന്നു.**

**The affected area has been divided to six zone for rescue and relief operations. Search continues in river Chaliyar.**

3) **ഹിമാചലിലും, ഉത്തരാഖണ്ഡിലും രൂക്ഷമായ മഴക്കെടുതികൾ. കേദാർനാഥ് യാത്ര താത്കാലികമായി റദ്ദാക്കി.**

**Heavy rainfall causes havoc in Himachal Pradesh and Uttarakhand. Kedarnath Yatra has been temporarily halted due to landslides on the trekking path.**

4) **രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ അധ്യക്ഷതയിൽ ഗവർണർമാരുടെ ദ്വിദിന സമ്മേളനത്തിന് ന്യൂഡൽഹിയിൽ തുടക്കമായി.**

**President Droupadi Murmu presides the two-day conference of Governors commenced from today at Rashtrapati Bhavan.**

5) **പാരിസ് ഒളിമ്പിക്സ് ബാഡ്മിന്റണിന്റെ ക്വാർട്ടർ ഫൈനലിൽ ഇന്ന് ലക്ഷ്യ സെൻ ചൈനീസ് താരത്തെ നേരിടും. - ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള ഏകദിന പരമ്പരയിലെ ആദ്യ മത്സരം ഇന്ന്.**

**In Paris Olympics, Indian shuttler Lakshya Sen to face Chinese Taipei Chou Tien Chen in Men's Singles quarter finals Badminton this evening. In Cricket, first ODI of three-match series between India and Sri Lanka to be played in Colombo this afternoon.**

======================================================

## WAYANAD LANDSLIDE – (INTRO)

വയനാട് ഉരുൾപൊട്ടൽ ബാധിതമേഖലയിൽ സൈന്യത്തിൻറെ നേതൃത്വത്തിൽ തിരച്ചിൽ പുരോഗമിക്കുന്നു.

പടവെട്ടിക്കുന്നിൽ നിന്ന് നാല് പേരെ കൂടി സൈന്യം ഇന്ന് രക്ഷപ്പെടുത്തി. രണ്ട് സ്ത്രീകളെയും രണ്ട് പുരുഷന്മാരെയുമാണ് കണ്ടെത്തിയത്. ദുരന്തം നടന്ന് നാലാംദിനം പിന്നിടുമ്പോൾ കൂടുതൽ പേരെ ജീവനോടെ കണ്ടെത്താനായത് രക്ഷാപ്രവർത്തനത്തിന് പ്രത്യാശ പകർന്നു. വിവിധ സേനാ വിഭാഗങ്ങളുടെ നേതൃത്വത്തിൽ ഉരുൾപൊട്ടൽ മേഖലയിൽ തിരച്ചിൽ രാവിലെ മുതൽ പുനരാരംഭിച്ചിരുന്നു.

**വിശദാംശങ്ങളിലേക്ക്.. ...**

**(VOICE....)**

ദുരന്തമേഖലയെ ആറ് സോണുകളാക്കി തിരിച്ചാണ് ഇന്ന് മുതൽ തിരച്ചിൽ നടത്തുന്നത്. സൈന്യം, എൻഡിആർഎഫ്, ഡിഎസ്ജി, കോസ്റ്റ് ഗാർഡ്, നേവി, എംഇജി ഉൾപ്പെടെയുള്ള സംയുക്ത സംഘത്തിന്റെ 40 ടീമുകളാണ് തിരച്ചിലിനായുള്ളത്. ഓരോ ടീമിലും മൂന്നു നാട്ടുകാരെയും, ഒരു വനംവകുപ്പ് ജീവനക്കാരനെയും ഉൾപ്പെടുത്തിയിട്ടുണ്ട്. അട്ടമലയും ആറൻമലയും ചേർന്നതാണ് ആദ്യത്തെ സോൺ.

മുണ്ടക്കൈ, പുഞ്ചിരിമട്ടം, വെള്ളാർമല വില്ലേജ് റോഡ്, ജിവിഎച്ച്എസ്എസ് വെള്ളാർമല, പുഴയുടെ അടിവാരം എന്നിവയാണ് മറ്റുള്ള അഞ്ച് സോണുകൾ. ചാലിയാർ കേന്ദ്രീകരിച്ച് പുഴയിൽ തിരയുന്നതിനൊപ്പം, പോലീസ് ഹെലികോപ്റ്ററും ഇന്ന് മുതൽ സമാന്തര തിരച്ചിൽ നടത്തും. പുഴയുടെ അരികും മൃതദേഹങ്ങൾ തങ്ങിനിൽക്കാൻ സാധ്യതയുള്ള പ്രദേശങ്ങളും കോസ്റ്റ് ഗാർഡും നാവികസേനയും വനംവകുപ്പും ചേർന്ന് തിരയും. ഉരുൾപൊട്ടൽ മേഖലയിലെ തിരച്ചിലിൽ ആറ് കഡാവർ നായകളും സഹായിക്കുന്നുണ്ട്.

==========================================================

**LANDSLIDE 2**

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ മരണസംഖ്യ 300 കടന്നതായി റിപ്പോർട്ടുകൾ. സംസ്ഥാന സർക്കാർ ഇന്നലെവരെ 189 മരണങ്ങളാണ് ഔദ്യോഗികമായി സ്ഥിരീകരിച്ചത്. ശരീരഭാഗങ്ങൾ ഉൾപ്പെടെ 279 മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടം ചെയ്തതായും സ്ഥിരീകരണമുണ്ട്. 98 മൃതദേഹങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. 200-ലധികം പേരെയാണ് ഇനി കണ്ടെത്താനുള്ളത്. രണ്ടായിരത്തോളം പേരെ രക്ഷപ്പെടുത്തി. വീടുകളടക്കം 348 കെട്ടിടങ്ങളെയാണ് ഉരുൾപൊട്ടൽ ബാധിച്ചത്. സൈന്യത്തിൻറ നേതൃത്വത്തിൽ ചൂരൽമലയിൽ നിർമിച്ച ബെയിലി പാലം ഇന്നലെയോടെ പ്രവർത്തനക്ഷമമായത് ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ വേഗം വർദ്ധിപ്പിച്ചിട്ടുണ്ട്. കരസേനയുടെ മദ്രാസ് എഞ്ചിനീയറിങ് ഗ്രൂപ്പിലെ 250 സൈനികരാണ് പാലത്തിൻറെ നിർമാണം അതിവേഗം പൂർത്തിയാക്കിയത്. 25 ആംബുലൻസുകൾ ഇന്ന് മുതൽ ബെയിലി പാലത്തിലൂടെ മുണ്ടക്കൈയിലേക്ക് കടത്തിവിടുന്നുണ്ട്. മലപ്പുറത്തെ ചാലിയാറിലും മൃതദേഹങ്ങൾക്കായുള്ള തെരച്ചിൽ തുടരുകയാണ്. നദിയിൽ നിന്നും മുഴുവൻ മൃതദേഹങ്ങളും

കണ്ടെത്തുന്നതുവരെ തെരച്ചിൽ തുടരുമെന്ന് മന്ത്രി പി പ്രസാദ് നിലമ്പൂരിൽ പറഞ്ഞു. ദുരന്തബാധിത പ്രദേശത്തു നിന്നും 2,328-പേരെ 9 ദുരിതാശ്വാസ ക്യാമ്പുകളിലായി മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ 91 ക്യാമ്പുകളിലായി 9,300-ലേറെ പേരെയാണ് താമസിപ്പിച്ചിരിക്കുന്നത്.

===========================================================

**VEENA GEORGE**

വയനാട്ടിൽ ഉണ്ടായ ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ മാനസികാഘാതം ലഘൂകരിക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഊർജിത പ്രവർത്തനങ്ങൾ നടന്നു വരുന്നതായി മന്ത്രി വീണാ ജോർജ്. ജൂലൈ 30ന് തന്നെ ആരോഗ്യ വകുപ്പ് ജില്ലയിൽ മാനസികാരോഗ്യ ദുരന്ത നിവാരണ ടീം രൂപീകരിക്കുകയുണ്ടായി. ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട എല്ലാ ആശുപത്രികളിലും ദുരിതാശ്വാസ ക്യാമ്പുകളിലും, മാനസികാരോഗ്യ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ച് മാനസികാരോഗ്യ സേവനങ്ങൾ ഈ ടീം ഉറപ്പാക്കുന്നു. 121 അംഗീകൃത മാനസികാരോഗ്യ പ്രവർത്തകരേയാണ് ടീമിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ദുരന്തബാധിതരെ കേൾക്കുവാനും അവർക്ക് ആശ്വാസം പകരുവാനുമാണ് ഇപ്പോൾ പ്രവർത്തകർ പ്രധാനമായും ശ്രദ്ധിക്കുന്നതെന്നും ആരോഗ്യമന്ത്രി അറിയിച്ചു.

===========================================================

**BIDEN KERALA CONDOLENCES**

വയനാട് ഉരുൾപൊട്ടലിൽ അനുശോചനമറിയിച്ച് യു.എസ് പ്രസിഡൻറ് ജോ ബൈഡൻ. അപകടത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ദുഃഖത്തിൽ പങ്കു ചേരുന്നതായും, പരിക്കേറ്റവർ എത്രയും വേഗം സുഖം പ്രാപിക്കട്ടെയെന്നും ജോ ബൈഡനും, പത്നിയും അനുശോചന സന്ദേശത്തിൽ അറിയിച്ചു.

===========================================================

## CM - KERALA FUND

വയനാട് ഉരുൾപൊട്ടൽ ദുരന്ത ബാധിതർക്കുള്ള സഹായമായി, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനധിയിലേക്ക് കഴിയുന്നവരെല്ലാം സംഭാവന നൽകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭ്യർത്ഥിച്ചു. ദുരിതാശ്വാസ നിധിയിലേക്ക് വിവിധ സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർ സംഭാവന നൽകുന്നത് തുടരുകയാണ്.

=====================================================

## RAIN KERALA

കേരളത്തിൽ ഇന്നും ശക്തമായ മഴ തുടരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി. ഉരുൾപൊട്ടൽ സാധ്യതയുള്ള സ്ഥലങ്ങളിൽ നിന്ന് മാറി താമസിക്കണമെന്ന് നിർദ്ദേശമുണ്ട്. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

=====================================================

## PM- RAIN

രാജ്യത്ത് വർധിച്ചു വരുന്ന മഴക്കെടുതികളും, പ്രകൃതി ദുരന്ത സാഹചര്യങ്ങളും സസൂക്ഷ്മം നിരീക്ഷിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. സാധ്യമായ എല്ലാ സഹായവും സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കുമെന്നും പ്രധാനമന്ത്രിയുടെ ഓഫിസ് അറിയിച്ചു.

=====================================================

## UTTARAKHAND- KEDARNATH

ഉത്തരാഖണ്ഡിലെ മണ്ണിടിച്ചിലിൻ്റെ പശ്ചാത്തലത്തിൽ കേദാർനാഥ് യാത്ര താത്കാലികമായി റദ്ദാക്കി. യാത്രാ പാതയിൽ കുടുങ്ങിയ രണ്ടായിരത്തോളം പേരെ ദുരന്ത പ്രതികരണ സേനയും പൊലീസും ചേർന്ന് രക്ഷപ്പെടുത്തി. ദുരിതബാധിത

പ്രദേശങ്ങൾ മുഖ്യമന്ത്രി പുഷ്കർ സിങ് ധാമി വ്യോമ മാർഗം നിരീക്ഷിച്ചു. ദുരിതാശ്വാസ ക്യാമ്പുകളിലെ സ്ഥിതിഗതികളും അദ്ദേഹം വിലയിരുത്തി.

==================================================

## HP- RESCUE

ഹിമാചൽ പ്രദേശിൽ മേഘവിസ്ഫോടനത്തെ തുടർന്നുണ്ടായ മണ്ണിടിച്ചിലിൽ കാണാതായ 49 പേർക്കായുള്ള തിരച്ചിൽ രണ്ടാം ദിനവും പുരോഗമിക്കുന്നു. ശക്തമായ മണ്ണിടിച്ചിലിലും മിന്നൽ പ്രളയത്തിലും ആറ് പാലങ്ങളും, 20 വീടുകളും ഉൾപ്പെടെ ഒലിച്ചുപോയതായാണ് റിപ്പോർട്ട്. ഷിംലയിലാണ് കൂടുതൽ ദുരന്തം ഉണ്ടായത്. ജില്ലയിലെ സമേജ് ഗ്രാമത്തിൽ 33 പേരും 20 വീടുകളും ഒലിച്ചു പോയതായാണ് വിവരം. മുഖ്യമന്ത്രി സുഖ് വീന്ദർ സിങ് സുഖു ഇന്ന് ദുരന്ത ബാധിത പ്രദേശങ്ങളിൽ വ്യോമ മാർഗം സന്ദർശനം നടത്തും. കുളു ജില്ലയിൽ നിന്ന് 22 പേരെ ദേശീയ ദുരന്ത പ്രതികരണ സേന കഴിഞ്ഞ ദിവസം രക്ഷപ്പെടുത്തിയിരുന്നു.

==================================================

## PREZ- GOVERNORS CONFERENCE

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ അധ്യക്ഷതയിൽ ഗവർണർമാരുടെ ദ്വിദിന സമ്മേളനത്തിന് ന്യൂഡൽഹിയിൽ തുടക്കമായി. രാഷ്ട്രപതി ഭവനിൽ നടക്കുന്ന സമ്മേളനത്തിൽ എല്ലാ സംസ്ഥാനങ്ങളിലെയും ഗവർണർമാർ പങ്കെടുക്കുന്നുണ്ട്. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവർക്കൊപ്പം വിവിധ കേന്ദ്രമന്ത്രിമാരും സമ്മേളനത്തിൽ പങ്കെടുക്കും. മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങളുടെ നടപ്പാക്കൽ, ഉന്നത വിദ്യാഭ്യാസത്തിലെ പരിഷ്കാരങ്ങൾ, ഗോത്രമേഖലകളുടെ വികസനം, ഏക് ഭാരത്

ശ്രേഷ്ഠ ഭാരത് തുടങ്ങി നിരവധി സുപ്രധാന വിഷയങ്ങൾ യോഗം ചർച്ച ചെയ്യും.

==================================================

**CBI- NEET**

നീറ്റ് യു.ജി. ചോദ്യപ്പേപ്പർ ചോർച്ചാ കേസിൽ ബിഹാറിൽ 13 പേർക്കെതിരെ സി.ബി.ഐ കുറ്റപത്രം സമർപ്പിച്ചു. ചോർച്ചയ്ക്ക് പിന്നിൽ പ്രവർത്തിച്ച മനീഷ് പ്രകാശ്, സികന്ദർ യാഗവേന്ദു ഉൾപ്പെടെയുള്ളവർക്ക് എതിരെയാണ് കുറ്റപത്രം സമർപ്പിച്ചത്.

==================================================

**UPI**

രാജ്യത്ത് യു.പി.ഐ അടിസ്ഥാനമാക്കിയുള്ള പണമിടപാടുകളിൽ വർദ്ധന. നാഷണൽ പേയ്മെൻ്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ഇന്നലെ പുറത്തുവിട്ട കണക്കുകൾ പ്രകാരം, ജൂലൈ മാസത്തിൽ 20.64 ലക്ഷം കോടി രൂപയുടെ ഇടപാടുകളാണ് യു പി ഐ മുഖേന നടന്നത്. ഇടപാടുകളിൽ വർഷാടിസ്ഥാനത്തിൽ 35 ശതമാനം വർധനയുണ്ടായതായും റിപ്പോർട്ട് വ്യക്തമാക്കുന്നു. ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയായി ഇന്ത്യ മാറുന്നതായാണ് ആർ ബി ഐ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്.

==================================================

**OLYMPICS - DAY 7 SCHEDULE**

2024 പാരിസ് ഒളിമ്പിക്സ് ഏഴാം ദിനത്തിൽ ഷൂട്ടിംഗ്, അമ്പെയ്ത്ത്, ബാഡ്മിൻ്റൺ, ജൂഡോ, ഹോക്കി, അത്‌ലറ്റിക്സ്, ഗോൾഫ്, എന്നീ ഇനങ്ങളിൽ ഇന്ത്യ ഇന്ന് മത്സരിക്കും. ഇന്ത്യയുടെ ലക്ഷ്യ സെൻ വൈകിട്ട് 6:30-ന് പുരുഷ സിംഗിൾസ് ബാഡ്മിന്റണിന്റെ ക്വാർട്ടർ ഫൈനലിൽ ചൈനീസ് തായ്പേയുടെ ചൗ ടിയാൻ ചെനെ നേരിടും. ഒളിമ്പിക്സിൽ നിലവിൽ മത്സരരംഗത്തുള്ള ഏക ഇന്ത്യൻ ബാഡ്മിൻ്റൺ താരമാണ്

ലക്ഷ്യ സെൻ. ഷൂട്ടിങ്ങിൽ വനിതകളുടെ 25 മീറ്റർ പിസ്റ്റൾ ഷൂട്ടിംഗ് മിക്സ്ഡ് ടീം യോഗ്യതാ റൗണ്ടിൽ മനു ഭാക്കർ-ഇഷ സിംഗ് സഖ്യം യോഗ്യതാ റൗണ്ടിൽ ഇപ്പോൾ മത്സരിക്കുകയാണ്. പുരുഷ ഹോക്കിയിൽ, ക്വാർട്ടർ ഫൈനലിലേക്ക് യോഗ്യത നേടിയ ടീം ഇന്ത്യ വൈകുന്നേരം പൂൾ മത്സരത്തിൽ ഓസ്ട്രേലിയയെ നേരിടും. ജൂഡോയിൽ, വനിതകളുടെ 78 കിലോഗ്രാം മത്സരത്തിൽ ഇന്ത്യയുടെ തുലിക മാൻ ഇന്നിറങ്ങും. അത്‌ലറ്റിക്സിൽ, വനിതകളുടെ 5000 മീറ്റർ യോഗ്യതാ റൗണ്ടിൽ പരുൾ ചൗധരിയും ഇന്നിറങ്ങും.

=====================================================

## CRICKET

ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള ഏകദിന പരമ്പരയിലെ ആദ്യ മത്സരം ഇന്ന്. കൊളംബോയിലെ പ്രേമദാസ സ്റ്റേഡിയത്തിൽ ഉച്ച കഴിഞ്ഞ് 2.30-ന് കളിയാരംഭിക്കും. മൂന്ന് മത്സരങ്ങളാണ് പരമ്പരയിലുള്ളത്. ശ്രീലങ്കയ്ക്കെതിരെ നടന്ന ട്വന്റി- 20 പരമ്പര 3-0 ന് ഇന്ത്യ സ്വന്തമാക്കിയിരുന്നു.

=====================================================

## US ISRAEL TALKS

ഇസ്രയേലിനെതിരെയുള്ള ഇറാൻ ആക്രമണങ്ങളെ പ്രതിരോധിക്കുമെന്ന് അമേരിക്ക. ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവുവുമായി പ്രതിരോധത്തിനായി അമേരിക്കൻ സൈന്യത്തെ വിന്യസിക്കുന്ന കാര്യം ജോ ബൈഡൻ ഇന്നലെ ചർച്ച ചെയ്തിരുന്നു. ഇറാൻറെയും, ഹമാസ്, ഹിസ്ബുള്ള, ഹൂതി എന്നീ തീവ്രവാദ സംഘടനകളുടെയും ആക്രമണങ്ങളിൽ നിന്ന് ഇസ്രയേലിനെ സംരക്ഷിക്കാനുള്ള അമേരിക്കയുടെ പ്രതിബദ്ധതയും വൈറ്റ് ഹൗസ് പ്രസ്താവനയിൽ വ്യക്തമാക്കി. ഹാമാസ് രാഷ്ട്രീയകാര്യ മേധാവി ഇസ്മായിൽ ഹനിയ്യ ഇറാനിൽ

വച്ച് വധിക്കപ്പെട്ടതിന് പിന്നാലെ ഇറാനിൽ നിന്നുള്ള പ്രത്യാക്രമണ സാധ്യത പരിഗണിച്ച് ഇസ്രയേൽ സുരക്ഷ വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇസ്രയേലിന് ശക്തമായ തിരിച്ചടി നൽകുമെന്ന ഇറാൻ പരമോന്നത നേതാവിൻറെ മുന്നറിയിപ്പും ഇസ്രയേൽ സേന ഗൗരവമായി എടുത്തിട്ടുണ്ട്.

=========================================================

## GST DATA – JULY

രാജ്യത്തെ ചരക്ക് സേവന നികുതി വരുമാനത്തിൽ റെക്കോർഡ് വർധന. ജി എസ് ടി വരുമാനം കഴിഞ്ഞ മാസം 10.3 ശതമാനം വർധിച്ച് ഒരു ലക്ഷത്തി 82,000 കോടി രൂപയിലെത്തിയെന്നാണ് ധനമന്ത്രാലയം പുറത്തുവിട്ട കണക്കുകൾ. റീഫണ്ടുകൾ 19.4 ശതമാനം കുറഞ്ഞ് 16,283 കോടിയായി.

കൂടാതെ, ഇറക്കുമതിയിൽ നിന്നുള്ള വരുമാനവും 14.2 ശതമാനം ഉയർന്ന് നാല്പത്തിയെണ്ണായിരം കോടി രൂപയായി വർധിച്ചു.

=========================================================
=========================================================
=========================================================